**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2096**

**11.03.2020- ൽ മറുപടിക്ക്.**

**വ്യവസായങ്ങൾ പരിസ്ഥിതി സൗഹൃദമാക്കാൻ നടപടി**

ചോദ്യം
ശ്രീ. എം. സ്വരാജ്

**മറുപടി**
**ഇ. പി. ജയരാജൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
| --- | --- |
| (എ) സംസ്ഥാനത്ത് വ്യവസായങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിലേക്കായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോയെന്ന് വിശദമാക്കാമോ ;<br>(ബി) എങ്കിൽ വിശദാംശം അറിയിക്കാമോ ? | (എ) & (ബി) ഉണ്ട്. വ്യവസായ എസ്റ്റേറ്റുകളിൽ ആകെ വിസ്തീർണത്തിന്റെ 5% മലിനീകരണ നിയന്ത്രണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വിനിയോഗിക്കാൻ എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യവസായ എസ്റ്റേറ്റുകൾക്ക് പുറത്തുള്ള വ്യവസായ സംരംഭങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശ പ്രകാരം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുന്നുണ്ട്. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയ ശേഷമാണ് മലിനീകരണ നിയന്ത്രണ ബോർഡ് വ്യവസായ ശാലകൾക്ക് അനുമതി നൽകി വരുന്നത്. കഴിയുന്നത്ര പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നത് സർക്കാർ നയമാണ്. മലിനീകരണ നിയന്ത്രണത്തിന്റെ ഭാഗമായി കിൻഫ്രയുടെ ഭക്ഷ്യസംസ്കരണ പാർക്ക്, കാക്കഞ്ചേരി - മലപ്പുറം, അപ്പാരൽ പാർക്ക്- തിരുവനന്തപുരം, ടെക്സ്റ്റൈൽ സെന്റർ, നാടുകാണി-കണ്ണൂർ, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മുഴുവന്നൂർ - എറണാകുളം എന്നിവിടങ്ങളിൽ മലിനീകരണ നിയന്ത്രണ പാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>പാലക്കാട്, കിൻഫ്രയുടെ മെഗാ ഫുഡ് പാർക്കിലും അടൂരിലെ ചെറുകിട വ്യവസായ പാർക്കിലും മലിനീകരണ നിയന്ത്രണ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

ജക/06/03/20